# കണ്ണൂർ സർവകലാശാലാ അഗ്രോ കോൺക്ലേവ്



കണ്ണൂർ സർവകലാശാലാ അഗ്രോ കോൺക്ലേവ് വൈസ് ചാൻസലർ പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻ ഉദ്ഘാടനംചെയ്യുന്നു

**ധർമശാല ▸** കണ്ണൂർ സർവകലാശാലയ്ക്ക് കീഴിലെ ബിസിനസ് ഇൻകുബേഷൻ സെൻററിലെ സ്റ്റാർട്ടപ്പ് സംരംഭമായ ടെക്നേൺ അഗ്രോ കോൺക്ലേവ് സംഘടിപ്പിച്ചു. വൈസ് ചാൻസലർ പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് കർഷകരെ മോചിപ്പിച്ച് ഉപഭോക്താവിലേക്ക് നേരിട്ട് ഉത്പന്നങ്ങൾ എത്തിച്ച് മികച്ച ലാഭംനേടിക്കൊടുക്കാൻ കഴിയണമെന്ന് അദ്ദേഹം പറഞ്ഞു. ഇതിനായി വിവരസാങ്കേതികവിദ്യയെ ഉപയോഗപ്പെടുത്തണം.

ടി.വി.രാജേഷ് എം.എൽ.എ. അധ്യക്ഷതവഹിച്ചു. ടെക്നേണിൻെറ ലോഗോ ഐ.ടി. വിഭാഗം അസോ. പ്രൊഫസർ ബാബു ആൻറോ പ്രകാശനംചെയ്തു. കൃഷി ജോയൻറ് ഡയറക്ടർ ലാൽ ടി. ജോർജ്, കൃഷി ഓഫീസർ സി.വി.ജിതേഷ് എന്നിവർചേർന്ന് ഓൺലൈൻ പ്ലാറ്റ്ഫോം ഉദ്ഘാടനംചെയ്തു. കർഷകൻ ഷാജി കൊട്ടിയൂർ, റിട്ട. കൃഷി ഓഫീസർ പി.കെ.രാധാകൃഷ്ണൻ, ആകാശവാണി പ്രോഗ്രാം എക്സിക്യൂട്ടീവ് പി.വി.പ്രശാന്ത്കുമാർ എന്നിവർ ക്ലാസെടുത്തു. സിൻഡിക്കേറ്റംഗം ഡോ. വി.എ.വിൽസൺ, ബിസിനസ് ഇൻക്യുബേഷൻ സെൻറർ കോ ഓഡിനേറ്റർ ഡോ. യു.ഫൈസൽ, ടെക്നേൺ ഇൻ ചാർജ് ഡോ. രാജി സുകുമാർ എന്നിവർ സംസാരിച്ചു.

വിത്തുമുതൽ വിപണിവരെയുള്ള ഘട്ടങ്ങൾ ഇ-വാണിജ്യശൃംഖലയുടെ ഭാഗമാക്കി കർഷകർക്കാവശ്യമായ സാങ്കേതികവിവരങ്ങൾ കൈമാറുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കൃഷിക്കാവശ്യമായ സാധനങ്ങളും കാർഷികോത്പന്നങ്ങളും വാങ്ങുന്നതിനും വിൽക്കുന്നതിനും പോർട്ടലിൽ സൗകര്യമൊരുക്കിയിട്ടുണ്ട്.

Scanned by CamScanner

# 'IT can boost agricultural production'

STAFF REPORTER
KANNUR

Agriculture-based IT enabled applications should cater to connect farmers and customers to minimise the role of middlemen, Kannur University Vice Chancellor Prof. Gopinath Ravindran has said.

He was opening an 'Agro conclave' organised by the university here.

Scanned by CamScanner

the cops are suspecting murder.

names to Famina and Shabna.

# Kannur varsity organises agro conclave to aid farmers

**EXPRESS NEWS SERVICE** @Kannur

AN agro conclave was held under the auspices of Techturn, a start-up venture of Business Incubation Centre under Kannur University, on its Mangattuparamba campus on Monday.

The conclave is a smart farming project aimed at providing adequate technical support to the farmers, right from the distribution of seeds to the management of e-commerce network. During the meet, facilities were provided to buy materials needed for farming and also to sell the products.

"Farmers should be released from the clutches of middlemen who used to exploit them. For this, the possibilities of modern technology should be used so that they could bring their products straight to the consumers," said Vice-Chancellor Gopinath Raveendran, who inaugurated the conclave. T V Rajesh, MLA, presided over the meet.

The farmers should be able to integrate traditional farming practices with modern technology to increase the marketing possibilities. They also should be able to win the trust of the consumers, said Rajesh. Kannur varsity IT department faculty member Babu Anto, joint director of agriculture Lal T George, agricultural officer C V Jithesh, farmer Shaji Kottiyur and Rtd agriculture officer P K Radhakrishnan among others spoke.

Scanned by CamScanner

# അഗ്രോ കോൺക്ലേവ്



കണ്ണൂർ സർവകലാശാല അഗ്രോ കോൺക്ലേവ് വൈസ് ചാൻസലർ പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

**കണ്ണൂർ**

സർവകലാശാലക്കു കീഴിലെ ബിസിനസ് ഇൻക്യുബേഷൻ സെന്ററിന്റെ സ്റ്റാർട്ട്അപ് സംരംഭമായ ടെക്കേൺ നേതൃത്വത്തിൽ അഗ്രോ കോൺക്ലേവ് നടന്നു. മാങ്ങാട്ടുപറമ്പ് ക്യാമ്പസ് സെമിനാർ ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. വിത്ത് മുതൽ വിപണിവരെ ഇ –വാണിജ്യ ശൃംഖലയുടെ ഭാഗമാക്കി കർഷകർക്ക് സാങ്കേതിക വിവരം കൈമാറുന്ന സ്മാർട്ട് ഫാമിങ്ങാണ് പദ്ധതിയുടെ ലക്ഷ്യം.

ടി വി രാജേഷ് എംഎൽഎ അധ്യക്ഷനായി. ലോഗോ പ്രകാശനം ഐടി വിഭാഗം അസോസിയറ്റ് പ്രൊഫ. ബാബു ആന്റോ നിർവഹിച്ചു. ജോ. ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ ലാൽ ടി ജോർജ്, കൃഷി ഓഫീസർ സി വി ജിതേഷ് എന്നിവർ ഓൺലൈൻ പ്ലാറ്റ് ഫോം ഉദ്ഘാടനം ചെയ്തു. ഷാജി കൊട്ടിയൂർ, പി കെ രാധാകൃഷ്ണൻ, പി വി പ്രശാന്ത് കുമാർ എന്നിവർ ക്ലാസെടുത്തു. സിൻഡിക്കേറ്റ് അംഗം ഡോ. വി എ വിൽസൺ, ഡോ. യു ഫൈസൽ, ഡോ. രാജി സുകുമാർ എന്നിവർ സംസാരിച്ചു.

Scanned by CamScanner

# ടെക്ഡേൺ അഗ്രോ കോൺക്ലേവ് നടത്തി

കണ്ണൂർ● സർവകലാശാലയ്ക്കു കീഴിലെ ബിസിനസ് ഇൻകുബേഷൻ സെന്ററിന്റെ സ്റ്റാർട്ടപ്പ് സംരംഭമായ ടെക്ഡേണിന്റെ നേതൃത്വത്തിൽ അഗ്രോ കോൺക്ലേവ് സംഘടിപ്പിച്ചു.

വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നു കർഷകരെ മോചിപ്പിച്ചു മികച്ച ലാഭം നേടിക്കൊടുക്കാൻ കഴിയണമെന്ന് ഉദ്ഘാടനം നിർവഹിച്ച വൈസ് ചാൻസലർ പ്രഫ. ഗോപിനാഥ് രവീന്ദ്രൻ പറഞ്ഞു.

സ്മാർട്ട് ഫാമിങ് പദ്ധതിയുടെ ഭാഗമായ ഓൺലൈൻ പ്ലാറ്റ്ഫോമിന്റെ ഉദ്ഘാടനവും അഗ്രോ കോൺക്ലേവിൽ നടന്നു. ടി.വി രാജേഷ് എംഎൽഎ അധ്യക്ഷത വഹിച്ചു.

ടെക്ഡേണിന്റെ ലോഗോ പ്രകാശനം ഐടി വിഭാഗം അസോഷ്യേറ്റ് പ്രഫസർ ബാബു ആന്റോ നിർവഹിച്ചു. കൃഷി ജോയിന്റ് ഡയറക്ടർ ലാൽ ടി. ജോർജ്, കൃഷി ഓഫിസർ സി.വി. ജിതേഷ് എന്നിവർ ചേർന്ന് ഓൺലൈൻ പ്ലാറ്റ്ഫോം ഉദ്ഘാടനം ചെയ്തു.

കർഷകൻ ഷാജി കൊട്ടിയൂർ, റിട്ട. കൃഷി ഓഫിസർ പി.കെ. രാധാകൃഷ്ണൻ, ഓൾ ഇന്ത്യ റേഡിയോ പ്രോഗ്രാം എക്സിക്യൂട്ടീവ് പി.വി. പ്രശാന്ത് കുമാർ എന്നിവർ ക്ലാസെടുത്തു. സിൻഡിക്കറ്റ് അംഗം ഡോ. വി.എ വിൽസൺ, ബിസിനസ് ഇൻക്യുബേഷൻ സെന്റർ കോ-ഓർഡിനേറ്റർ ഡോ. യു. ഫൈസൽ, ടെക്ഡേൺ ഇൻ ചാർജ് ഡോ. രാജി സുകുമാർ എന്നിവർ പ്രസംഗിച്ചു.



കണ്ണൂർ സർവകലാശാലയ്ക്കു കീഴിലെ ബിസിനസ് ഇൻകുബേഷൻ സെന്ററിന്റെ സ്റ്റാർട്ടപ്പ് സംരംഭമായ ടെക്ഡേൺ സംഘടിപ്പിച്ച അഗ്രോ കോൺക്ലേവ് ഉദ്ഘാടനം വൈസ് ചാൻസലർ പ്രഫ. ഗോപിനാഥ് രവീന്ദ്രൻ നിർവഹിക്കുന്നു. ടി.വി. രാജേഷ് എംഎൽഎ സമീപം.

Scanned by CamScanner